(സി) മന്ത്രിതല ചർച്ചയിൽ കരാറിലുള്ള വ്യവസ്ഥകൾക്ക് ഉപരിയായി പുതിയതായി യാതൊരു വ്യവസ്ഥയും കൂട്ടിച്ചേർത്തിട്ടില്ല.

(ഡി) 2004 ജനുവരിയിൽ നടന്ന മന്ത്രിതല ചർച്ചയിൽ വ്യക്തമായ തീരുമാനത്തിൽ എത്തിച്ചേരാൻ ഇരു സംസ്ഥാനങ്ങൾക്കും സാധിച്ചില്ല.

(ഇ) പി.എ.പി. കരാറനുസരിച്ച് കേരളത്തിന് വിട്ടുകിട്ടുവാനുള്ള കെട്ടിടങ്ങളിൽ 21 എണ്ണം കൂടി വിട്ടുതരാമെന്ന് തമിഴ്നാട് ഉറപ്പുനൽകി (ഈ ഉറപ്പ് തമിഴ്നാട് പാലിക്കുകയുണ്ടായി). മണക്കടവ് റിയറിനും മൂലത്തറ റെഗുലേറ്ററിനും ഇടയിൽ തമിഴ്നാട്ടിലെ ചില വ്യക്തികൾ അനധികൃതമായി സ്ഥാപിച്ചിട്ടുള്ള പമ്പ് സെറ്റുകൾ നീക്കം ചെയ്യുവാനുള്ള നടപടി എടുക്കും എന്ന് തമിഴ്നാട് മുഖ്യമന്ത്രി ഉറപ്പുനൽകി.

(എഫ്) ഷോളയാർ ബേസിനിലെ യഥാർത്ഥ യീൽഡ് 12.3 : 2.5 എന്ന അനുപാതത്തിൽ കേരളത്തിനും തമിഴ്നാടിനും വീതം വയ്ക്കുക, പറമ്പിക്കുളം ബേസിനിൽ ലഭ്യമായ യീൽഡ് കേരളവും തമിഴ്നാടും തമ്മിൽ 2.5 : 14 എന്ന അനുപാതത്തിൽ പങ്കുവയ്ക്കുക, മണക്കടവിൽ കേരളത്തിന് നൽകിക്കൊണ്ടിരുന്ന ജലത്തിന്റെ അളവ് 7.25 TMC ft.-ൽ നിന്നും 12 TMC ft. ആയി ഉയർത്തുക എന്നീ ആവശ്യങ്ങൾ കേരളം ഉന്നയിച്ചിട്ടുണ്ട്. കൂടാതെ പെരിയാർ വിഷയത്തിൽ കേരളം ഉദ്ദേശിച്ചിട്ടുള്ള പദ്ധതികളുടെ പൂർത്തീകരണത്തിന് ശേഷവും ഡിസംബർ 1 മുതൽ ജനുവരി 31 വരെയുള്ള കാലയളവിൽ നീരാറിലെ ജലം കേരളത്തിലേക്ക് ഒഴുക്കുക, കരാർ വ്യവസ്ഥ പ്രകാരം കേരള ഷോളയാറിലെ ജലനിരപ്പ് നിശ്ചിത തീയതിക്കുള്ളിൽ നിശ്ചിത ലെവലുകളിൽ നിലനിർത്തുക എന്നീ ആവശ്യങ്ങളും കേരളം ശക്തമായി ഉന്നയിച്ചിട്ടുണ്ട്. കരാർ ലംഘിച്ചാൽ നഷ്ടപരിഹാരം നല്കുന്നതിനുള്ള വ്യവസ്ഥ കരാറിൽ ഉൾപ്പെടുത്തണമെന്ന ആവശ്യവും കേരളം മുന്നോട്ടുവച്ചിട്ടുണ്ട്.

അത്യാഹിത വിഭാഗത്തിൽ എത്തുന്ന രോഗികൾക്ക് സൗജന്യമായി സേവനം ലഭ്യമാക്കാൻ നടപടി

11 [*158] ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അപകടത്തിൽപ്പെട്ട് അത്യാഹിത വിഭാഗത്തിലെത്തുന്ന നിർദ്ധനരായ രോഗികൾക്ക് എക്സ്റേ, സ്കാനിംഗ് തുടങ്ങിയ സേവനങ്ങൾ സൗജന്യമായി ലഭ്യമാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഈ കാര്യം പരിഗണിക്കുമോ ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ കെ. കെ. രാമചന്ദ്രൻ മാസ്റ്റർ) :

(എ) പ്രതിമാസ വരുമാനം 1500 രൂപയിൽ കുറഞ്ഞ രോഗികൾക്ക് ബന്ധപ്പെട്ട ഡോക്ടർ നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ സൗജന്യ ചികിത്സ ഇപ്പോൾ നൽകിവരുന്നുണ്ട്.

(ബി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly